**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **11-02-2025 - ൽ മറുപടിയ്ക്ക്**

**തെന്നല മറക്കപ്പാടം കാപ്പ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല മറക്കപ്പാടം കാപ്പ് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ തെന്നല മറക്കപ്പാടം കാപ്പ് നവീകരണ പ്രവൃത്തി ടെൻഡർ ചെയ്തിരുന്നെങ്കിലും പ്രസ്തുത കാപ്പ് സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ചതിന് ശേഷം മാത്രമേ ടെൻഡർ ചെയ്യാവൂ എന്ന് തെന്നല പഞ്ചായത്ത് മെമ്പർ രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി അന്യാധീനപ്പെടുന്നത് ഒഴിവാക്കുന്നതിനായി ടെൻഡർ നടപടികൾ റദ്ദ്ചെയ്തിട്ടുണ്ട്. മറക്കപ്പാടം കാപ്പിന്റെ കിഴക്ക് ഭാഗത്തെ അതിർത്തി സർവ്വേ നടത്തിയിരുന്നു. ബാക്കി വരുന്ന ഭാഗങ്ങൾ കൃഷിയും വെള്ളക്കെട്ടും ചെളിയും കാരണം പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും കയ്യേറ്റം ഉണ്ടെന്ന പരാതി പ്രകാരം തുടർനടപടി സ്വീകരിക്കാതെ പ്രവൃത്തി മാറ്റിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **എ പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | സാങ്കേതിക അനുമതി ലഭ്യമാക്കി ടെൻഡർ നടപടികളും പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | **DSR 2018 നിലവിൽ വന്നതിനാലും GST യിൽ വന്ന മാറ്റവും കാരണം ആയത് പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയായ 200 ലക്ഷത്തിനേക്കാൾ അധികരിച്ച് 279 ലക്ഷം രൂപയായതിനാലും നിലവിൽ ഈ പ്രവൃത്തിയുടെ ഭരണാനുമതി കാലഹരണപ്പെട്ടതിനാലും സർവ്വെ നടപടികൾ പൂർത്തീകരിച്ച് ലഭിക്കുന്ന സ്കെച്ച് പ്രകാരം കൈയേറ്റം ഉണ്ടെങ്കിൽ ആയത് ഒഴിപ്പിച്ച് ആവശ്യമെങ്കിൽ വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (ഡി) | ജി.എസ്.ടി. നിരക്കും എസ്റ്റിമേറ്റ് നിരക്കും വർദ്ധിച്ചതിനാൽ എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരം | (ഡി) | **സി പിരിവിൽ ചേർത്തിരിക്കുന്നു.** |

| | | | |
|---|---|---|---|
| | പ്രവൃത്തി നടപ്പിലാക്കാൻ നിലവിലെ ഭരണാനുമതി തുക പര്യാപ്തമല്ലാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ